**എ.വൈ.ആർ**

നബി(സ) കല്ലേറ് വിധിച്ച ചില സംഭവങ്ങളിൽ അതിലെ പ്രതികൾ കേവലം വ്യഭിചാരികൾ എന്നതിലുപരി സമൂഹത്തിൽ ലൈംഗികാരാജകത്വം സൃഷ്ടിക്കുന്നവരായിരുന്നു എന്നു കരുതാവുന്ന ന്യായങ്ങൾ കാണാം. മാഇസുബ്നു മാലിക് എന്ന പുരുഷന്റെയും ഗാമിദിയ്യഃ സ്ത്രീയുടെയും ശിക്ഷയാണ് ഇക്കൂട്ടത്തിൽ ഏറെ പ്രസിദ്ധമായിട്ടുള്ളത്.



(സൂക്തം 2-ന്റെ വിശദീകരണം തുടരുന്നു)

**നൂ**റ് പ്രഹരത്തിനർഹരാക്കുന്ന വ്യഭിചാരികൾ അവിവാഹിതരായിരിക്കണമെന്നതാണ് രണ്ടാമത്തെ നിബന്ധന. വിവാഹിതരാണെങ്കിലും ദമ്പതികൾ തമ്മിൽ ലൈംഗിക വേഴ്ച ഉണ്ടായിട്ടില്ലെങ്കിൽ ആ സ്ത്രീ പുരുഷന്മാർക്ക് അവിവാഹിതരുടെ വിധിയാകുന്നു. വിവാഹിതരായ വ്യഭിചാരികൾക്കുള്ള ശിക്ഷ റജ്മ്-എറിഞ്ഞുകൊല്ലൽ-ആകുന്നു. ഇക്കാര്യത്തിൽ അഹ്ലുസ്സുന്നത്തി വൽജമാഅത്തിന്റെ പൂർവികരും ആധുനികരുമായ പണ്ഡിതന്മാർ ഏറക്കുറെ ഏകാഭിപ്രായക്കാരാകുന്നു. അതിന് ഉന്നയിക്കപ്പെടുന്ന പ്രമാണങ്ങൾ:

1. നബി(സ) പ്രസ്താവിച്ചതായി ഉബാദത്തുബ്നുസ്വാമിതിൽനിന്ന് ഇമാം മുസ്ലിം, അബൂദാവൂദ്, ഇബ്നുമാജ, തിർമിദി, ഇമാം അഹ്മദ് എന്നിവർ ഉദ്ധരിക്കുന്നു: "എന്നിൽനിന്ന് പഠിച്ചുകൊള്ളുവിൻ, അല്ലാഹു അവർക്കൊരു വഴി നിർദേശിച്ചിരിക്കുന്നു. അവിവാഹിതർ തമ്മിലുള്ള അവിഹിത വേഴ്ചക്ക് നൂറടിയും ഒരു കൊല്ലത്തെ നാടുകടത്തലും വിവാഹിതർ തമ്മിലുള്ളതിന് നൂറടിയും എറിഞ്ഞുകൊല്ലലും."

2. നബി (സ) വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലാൻ വിധിക്കുകയും ആ വിധി നടപ്പാക്കപ്പെടുകയും ചെയ്ത പല സംഭവങ്ങളുമുണ്ട്. അക്കൂട്ടത്തിൽ വ്യഭിചാരക്കുറ്റം സ്വയം ഏറ്റുപറഞ്ഞുകൊണ്ട് നബി(സ)യെ സമീപിച്ച മാഇസുബ്നു മാലികിന്റെയും ഗാമിദിയ്യഃ സ്ത്രീയുടെയും കഥ ഏറെ പ്രസിദ്ധമാണ്. ഖുലഫാഉർറാശിദീനും ഈ ശിക്ഷാക്രമം പിന്തുടർന്നിരുന്നു.

3. ഉമർ (റ) പ്രസ്താവിച്ചതായി ഇബ്നു അബ്ബാസ് ഉദ്ധരിക്കുന്നു: 'ജനത്തിന് കാലം നീളുമ്പോൾ ചിലർ ഇങ്ങനെ പറയുന്ന ഒരു സമയം വരുമെന്ന് ഞാൻ ഭയപ്പെടുന്നു; അല്ലാഹുവിന്റെ വേദത്തിൽ ഞങ്ങൾ എറിഞ്ഞുകൊല്ലൽ കാണുന്നില്ല. അങ്ങനെ അല്ലാഹു അവതരിപ്പിച്ച ഒരു നിയമം ഉപേക്ഷിച്ചുകൊണ്ട് അവർ പിഴച്ചുപോകും. എന്നാലോ, الشيخ والشيخة اذا زنيا فارجموهما البتة (കിഴവനും കിഴവിയും വ്യഭിചരിച്ചാൽ രണ്ടുപേരെയും നിർബന്ധമായും എറിഞ്ഞുകൊല്ലുവിൻ) എന്നൊരു സൂക്തം ഞങ്ങൾ പാരായണം ചെയ്യാറുണ്ടായിരുന്നു."

മുകളിൽ കൊടുത്ത തെളിവുകൾ 'വ്യഭിചാരിയെയും വ്യഭിചാരിണിയെയും നൂറു വീതം പ്രഹരിക്കുവിൻ' എന്ന കൽപനയെ ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ അവിവാഹിതരായ വ്യഭിചാരികളിൽ പരിമിതപ്പെടുത്തുകയോ ചെയ്തിരിക്കുന്നു. പ്രാബല്യത്തിലുള്ളതും നിലനിൽക്കുന്നതുമായ ശിക്ഷാനിയമം അവിവാഹിതരായ വ്യഭിചാരികൾക്ക് നൂറടിയും വിവാഹിതരായ വ്യഭിചാരികൾക്ക് എറിഞ്ഞുകൊല്ലലുമാകുന്നു.

ഈ നിയമനിർധാരണത്തോട് വിയോജിക്കുന്ന ഒറ്റപ്പെട്ട പ്രസ്ഥാനങ്ങളും പണ്ഡിതന്മാരും പണ്ടുകാലത്തും ഇക്കാലത്തുമുണ്ട്. പ്രസ്ഥാനങ്ങളെന്ന നിലയിൽ ആദ്യം വിയോജിച്ചത് ഖവാരിജുകളും പിന്നീട് മുഅ്തസിലികളുമാണ്. 'കല്ലേറ്' ഖുർആൻ കൽപിച്ചിട്ടില്ല എന്നതാണ് ഇരുകൂട്ടരുടെയും ന്യായം. കല്ലേറു ശിക്ഷയോട് വിയോജിച്ചവരിൽ പ്രമുഖനാണ് ആധുനിക കർമശാസ്ത്ര പണ്ഡിതനും ഗ്രന്ഥകാരനുമായ ഉസ്താദ് അബൂസഹ്റ. കല്ലേറിനെ നിരാകരിക്കുന്നവർ ഭൂരിപക്ഷ പണ്ഡിതന്മാർ ഉന്നയിച്ച പ്രമാണങ്ങളെയെല്ലാം ഖണ്ഡിച്ചിരിക്കുന്നു:

1) ഒന്നാമത്തെ തെളിവായ ഉബാദത്തുബ്നു സ്വാമിതിന്റെ നിവേദനത്തെ ഇക്കാര്യത്തിൽ ഖണ്ഡിതമായ പ്രമാണമായി കണക്കാക്കാനാവില്ല. കാരണം അവിവാഹിതരുടെ വ്യഭിചാരത്തിന്ന് നൂറടിയും ഒരു കൊല്ലം നാടുകടത്തലും വിവാഹിതരുടേതിന് അടിയും കല്ലേറുമാണല്ലോ അതിൽ നിർദേശിക്കുന്നത്. പക്ഷേ നബി(സ) ഏതെങ്കിലും വ്യഭിചാരിക്ക് ഈ രണ്ടു ശിക്ഷയും-അടിയും നാടുകടത്തലും/അടിയും കല്ലേറും-ഒന്നിച്ചു നൽകിയ ഒരുദാഹരണവും കാണുന്നില്ല. ഇമാം അലി (റ) മാത്രം ഒരു വ്യഭിചാരിണിയെ അടിക്കും കല്ലേറിനും വിധേയയാക്കിയെന്ന് പ്രസ്താവമുണ്ട്. അതിനുമുമ്പ് ഉസ്മാൻ (റ), ഉമർ (റ), അബൂബക്ർ (റ) എന്നീ മൂന്നു ഖലീഫമാരും അങ്ങനെ ചെയ്തിട്ടില്ല. വിവാഹിതനാവട്ടെ, അവിവാഹിതനാവട്ടെ രണ്ടു ശിക്ഷയും നൽകണമെന്ന് ഇമാം ശാഫിഈയും അബൂഹനീഫയും ഉൾപ്പെടെയുള്ള ബഹുഭൂരിപക്ഷം കർമശാസ്ത്രകാരന്മാരും നിർദേശിക്കുന്നുമില്ല. ഈ ഹദീസ് കൊണ്ട് കല്ലേറ് സ്ഥിരപ്പെടുന്നുവെങ്കിൽ കല്ലേറിനൊപ്പം അടിയും, അടിയോടൊപ്പം നാടുകടത്തലും കൂടി സ്ഥിരപ്പെടുന്നുണ്ട്. ഒരു ഹദീസിന്റെ കുറേ ഭാഗം സ്ഥിരപ്പെടുകയും കുറേ ഭാഗം അസ്ഥിരമാവുകയും ഇല്ലല്ലോ.

ഈ കുഴപ്പമില്ലെങ്കിൽതന്നെ ഉബാദത്തുബ്നു സ്വാമിതിന്റെ ഹദീസ് മൂലം സൂറഃ *അന്നൂറി*ലെ 2-ാം സൂക്തം ദുർബ

ലപ്പെട്ടു(മൻസൂഖ് ആയി) എന്ന നിഗമനം ബാലിശമാണ്. ഖുർആൻ കൊണ്ടേ ഖുർആൻ ദുർബലപ്പെടൂ. ഹദീസ് ഖുർആൻ കൊണ്ടും ഹദീസ് കൊണ്ടും ദുർബലപ്പെടാം.

2) നബി(സ) ചില വ്യഭിചാരികളെ കല്ലേറിനു വിധേയരാക്കിയിട്ടുണ്ടെങ്കിൽ അതിനർഥം അത് ഇസ്‌ലാമിക ശരീഅത്തിന്റെ ശാശ്വതവിധിയാണ് എന്നാവണമെന്നില്ല. കല്ലേറു ശിക്ഷ മുൻവേദമായ തൗറാത്തിൽ ഉണ്ടായിരുന്നു. ഇസ്‌ലാമിക ശരീഅത്ത് സ്വന്തം വിധി നൽകുന്നതുവരെ മുസ്‌ലിംകൾ അതനുസരിച്ചു പ്രവർത്തിച്ചിരിക്കാം. ആദ്യകാലത്ത് മുസ്‌ലിംകൾ ബൈത്തുൽ മുഖദ്ദസിനെ ഖിബ്‌ലയായി സ്വീകരിച്ചതുപോലെ. അനന്തരം സൂറ *അന്നൂർ* 2-ാം സൂക്തം അവതരിച്ചതോടെ ആ കീഴ്‌വഴക്കം മാറ്റപ്പെട്ടു. *അന്നൂർ* 2-ാം സൂക്തം അവതരിക്കപ്പെട്ട ശേഷമാണോ മുമ്പാണോ പ്രവാചകൻ കല്ലേറു ശിക്ഷ നടത്തിയിരുന്നതെന്ന് ഖണ്ഡിതമായി അറിയപ്പെട്ടിട്ടില്ല. ഖുലഫാഉർറാശിദീന്റെ നടപടിക്രമമാണെങ്കിൽ, ഖുർആൻ അസന്ദിഗ്ധമായി പ്രസ്താവിച്ച ഒരു നിയമം ഭേദഗതി ചെയ്യാൻ അത് അപര്യാപ്തമാകുന്നു.

3) *അശ്ശെഖു.....* എന്ന വചനത്തിന്റെ ഭാഷ വീക്ഷിച്ചാൽ ഖുർആനിലും അറബി ഭാഷയിലും പരിജ്ഞാനമുള്ളവർക്ക് അതൊരു ഖുർആൻ വാക്യമാണെന്ന് അംഗീകരിക്കാനാവില്ല. അത് ഖുർആനിനെ കുറിച്ച് ഗുരുതരമായ സംശയങ്ങൾ സൃഷ്ടിക്കുന്നതിനു വേണ്ടി കപട വിശ്വാസികളോ നിർമതവാദികളോ കെട്ടിച്ചമച്ച് പ്രചരിപ്പിച്ചതായിരിക്കാനേ തരമുള്ളൂ എന്നും, പക്ഷേ ശുദ്ധാത്മാക്കളായ മുഫസ്സിറുകളും ഫുഖഹാഉം കാര്യമറിയാതെ അതു തങ്ങളുടെ ഗ്രന്ഥങ്ങളിൽ ഉദ്ധരിച്ചിരിക്കുകയാണെന്നുമാണ് മൗലാനാ അമീൻ അഹ്‌സൻ ഇസ്‌ലാഹിയുടെ കാഴ്ചപ്പാട്. ഉമറി(റ)ലേക്ക് ചേർത്ത് ഉദ്ധരിക്കപ്പെടുന്ന ഈ നിവേദനം അദ്ദേഹമെങ്ങാൻ കേട്ടിരുന്നുവെങ്കിൽ അതു പറഞ്ഞവനെ കൊരടാവുകൊണ്ട് അദ്ദേഹം പ്രഹരിക്കുമായിരുന്നുവെന്നും അമീൻ അഹ്‌സൻ ഇസ്‌ലാഹി പറയുന്നുണ്ട്. ഇനി വചനം ഒരു ഖുർആൻ സൂക്തം ആയിരുന്നുവെന്നും സമ്മതിച്ചാൽ, വിധി-എറിഞ്ഞുകൊല്ലൽ ശിക്ഷ-നിലനിർത്തിക്കൊണ്ട് ആ സൂക്തം നീക്കം ചെയ്തത് ആരാണ്? നിയമം നടപ്പിലാക്കൽ നിർബന്ധമാക്കുകയും നിയമം വിധിച്ച സൂക്തം ഖുർആനിൽനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നതിന്റെ യുക്തിയും ന്യായവും എന്താണ്? ഇതൊരു ഖുർആൻ സൂക്തമായിരുന്നുവെങ്കിൽ സാമാന്യബുദ്ധിയുടെ വെളിച്ചത്തിൽ അതുകൊണ്ട് സ്ഥാപിതമാകുന്ന സംഗതി ഇതാണ്: ആദ്യകാലത്ത് കല്ലേറു ശിക്ഷാ നിയമം പ്രാബല്യത്തിലുണ്ടായിരുന്നു. പിന്നീട് അത് ദുർബലപ്പെടുത്തി(മൻസൂഖ് ആക്കി). എന്നിരിക്കെ പണ്ടുണ്ടായിരുന്ന സൂക്തത്തെ അതിനു തെളിവായുന്നയിക്കുന്നതിലെന്തർഥം? ഈ സൂക്തം സംബന്ധിച്ച നിവേദനവും സൂക്തത്തിലടങ്ങിയ വിധിയും സാധുവാണെന്ന് സമ്മതിച്ചാലും, വിവാഹിതരായ വ്യഭിചാരികൾക്ക് കല്ലേറ് ശിക്ഷ സ്ഥിരപ്പെടുത്താൻ അതു മതിയായ തെളിവാകുന്നില്ല. കിഴവനും കിഴവിയും വ്യഭിചരിച്ചാൽ ഇരുവരെയും എറിഞ്ഞുകൊല്ലുക എന്നാണല്ലോ വിധി. വിവാഹിതരായ വ്യഭിചാരികളൊക്കെ കിഴവന്മാരും കിഴവികളുമായിരിക്കണമെന്നില്ല. കിഴവന്മാരും കിഴവികളുമായ വ്യഭിചാരികളെല്ലാം വിവാഹിതരായിരിക്കണമെന്നുമില്ല.

4) അല്ലാഹുവിന്റെ ആദരണീയ സൃഷ്ടിയാണ് മനുഷ്യൻ (ഖുർആൻ 17:70). അല്ലാഹു പാവനമാക്കിയ ഒരു മനുഷ്യജീവിയെയും ന്യായമായ കാരണം കൂടാതെ വധിക്കരുതെന്നും ഖുർആൻ ആവർത്തിച്ച് അനുശാസിക്കുന്നു (6:151, 17:33). മനുഷ്യൻ വധാർഹനാകുന്നതിനുള്ള കാരണങ്ങൾ ഖുർആൻ കൃത്യമായി പ്രസ്താവിച്ചിട്ടുണ്ട്: "ഒരു മനുഷ്യജീവന് പകരമായോ അല്ലെങ്കിൽ നാട്ടിൽ കലാപം സൃഷ്ടിച്ചതിന്റെ പേരിലോ അല്ലാതെ ആരെങ്കിലും ഒരു മനുഷ്യനെ വധിച്ചാൽ അവൻ മുഴുവൻ മനുഷ്യരെയും വധിച്ചതുപോലെയാകുന്നു. വല്ലവനും ഒരാളെ ജീവിപ്പിച്ചാൽ അത് മുഴുവൻ മനുഷ്യരെയും ജീവിപ്പിച്ചതുപോലെയുമാകുന്നു" (5: 32). അതായത് കൊലപാതകിയും നാട്ടിൽ കലാപം സൃഷ്ടിക്കുന്ന രാജ്യദ്രോഹിയും മാത്രമാണ് നിയമദൃഷ്ട്യാ വധശിക്ഷയർഹിക്കുന്ന കുറ്റവാളികൾ. നരഹത്യ അനുവദനീയമാക്കുന്ന മറ്റൊരു കാര്യം യുദ്ധമാണ്. യുദ്ധത്തിൽ ഏറ്റുമുട്ടുന്ന ശത്രുഭടന്മാരെ വകവരുത്താം. നാട്ടിൽ കലാപം സൃഷ്ടിക്കുന്നവരെക്കുറിച്ച് ഖുർആൻ പറയുന്നു: "അല്ലാഹുവിനോടും അവന്റെ ദൂതനോടും പോരടിക്കുകയും നാട്ടിൽ വിധ്വംസക പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നവർക്കുള്ള പ്രതിഫലം വധിക്കപ്പെടുകയോ ക്രൂശിക്കപ്പെടുകയോ കൈകാലുകൾ വിപരീതമായി ഛേദിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ തന്നെയാകുന്നു" (5:33). കലാപകാരികൾ, രാജ്യദ്രോഹികൾ, രാജ്യത്തോടു യുദ്ധം ചെയ്യുന്ന സൈന്യം എന്നിവർക്കെതിരെയുള്ള കൊലയും, കൊലക്കു പകരം കൊല എന്ന അടിസ്ഥാനത്തിലുള്ളതു തന്നെയാണെന്ന് ആലോചിച്ചുനോക്കിയാൽ വ്യക്തമാകും. ഇതല്ലാതെ ഒരാളുടെ ജീവൻ ഹനിക്കാൻ ഖുർആൻ മറ്റു ന്യായം (ഹഖ്) ഒന്നും വ്യക്തമാക്കിയിട്ടില്ല. കൊല്ലപ്പെട്ടവരുടെ ഉറ്റവരും ഉടയവരും ചോരപ്പണം (ദിയ) സ്വീകരിച്ച് മാപ്പുകൊടുക്കുകയാണെങ്കിൽ കൊലപാതകിക്ക് വധശിക്ഷയിൽനിന്ന് രക്ഷപ്പെടാം. രാജ്യദ്രോഹികൾക്കും കലാപകാരികൾക്കുമുള്ള ശിക്ഷ വധത്തിനു പകരം അംഗഛേദമോ നാടുകടത്തലോ തെരഞ്ഞെടുക്കാൻ ഭരണകൂടത്തിന് അനുവാദമുണ്ട്. പക്ഷേ വ്യഭിചാരക്കുറ്റം ചെയ്ത വിവാഹിതന്ന് ഇത്തരം പഴുതുകളൊന്നുമില്ല. കുറ്റം തെളിഞ്ഞാൽ അവൻ എറിഞ്ഞുകൊല്ലപ്പെടുക തന്നെ ചെയ്യും. ഖുർആൻ പറഞ്ഞിട്ടില്ലാത്ത ഈ ശിക്ഷ ഖുർആന്റെ പൊതു സമീപനത്തിനും മനുഷ്യജീവന്ന് അതു കൽപ്പിക്കുന്ന പവിത്രതക്കും നിരക്കുന്നതാണോ? പട്ടിക്ക് കുടിനീർ കോരിക്കൊടുത്ത കുലടക്ക് സ്വർഗവും പൂച്ചയെ കെട്ടിയിട്ട് തീറ്റ കൊടുക്കാതെ കൊന്ന മാന്യ വനിതക്ക് നരകവും വാഗ്ദാനം ചെയ്യുന്ന ഇസ്‌ലാമിന്റെ ജീവകാരുണ്യ മൂല്യവുമായി പൊരുത്തപ്പെടുന്നതാണോ? ഇതൊക്കെയാകുന്നു വിയോജിക്കുന്നവരുടെ മുഖ്യ ന്യായങ്ങൾ.

പ്രമുഖ ഖുർആൻ വ്യാഖ്യാതാവും ആധുനിക പണ്ഡിതനുമായ മൗലാനാ അമീൻ അഹ്‌സൻ ഇസ്‌ലാഹി ഈ വിഷയം വിശദമായി ചർച്ചചെയ്യുന്നുണ്ട്. അദ്ദേഹം അവതരിപ്പിക്കുന്ന വീക്ഷണം ഇങ്ങനെ സംഗ്രഹിക്കാം: ക്രിമിനലുകൾ രണ്ടു തരമുണ്ട്. ഒരു വിഭാഗത്തിൽനിന്ന് മോഷണം, കൊള്ള, വ്യഭിചാരം തുടങ്ങിയ കുറ്റങ്ങൾ ഉണ്ടാകുന്നുവെങ്കിലും അവർ സമൂഹത്തിന് ഗുരുതരമായ ആപത്തും സ്ഥിരം ശല്യവുമാകുന്നില്ല. നാട്ടിന്റെ ക്രമസമാധാനം തകർക്കുകയുമില്ല. മറ്റേ വിഭാഗം ഒറ്റക്കും കൂട്ടായും, സർക്കാറിനും സമൂഹത്തിനും വൻ ഭീഷണിയുയർത്തുന്നവരാണ്. ഒന്നാമത്തെ വിഭാഗത്തിൽ ഇസ്‌ലാമിക ഗവൺമെന്റ്, ഖുർആൻ കൽപ്പിച്ച ശിക്ഷ ഖുർആനും സുന്നത്തും നിർദേശിച്ച നിബന്ധനകൾ അനുസരിച്ച് നടപ്പാക്കുന്നു. ക്രമസമാധാനവും സമൂഹത്തിന്റെ സ്വൈര ജീവിതവും തകർക്കുന്ന രണ്ടാമത്തെ വിഭാഗം തികഞ്ഞ സാമൂഹിക വിരുദ്ധരാണ്. അത്തരക്കാരെ അമർച്ച ചെയ്യാൻ അവരെ *അൽമാഇദ* 33ാം സൂക്തം പറയുന്ന, അല്ലാഹുവിനോടും അവന്റെ ദൂതനോടും പോരടിക്കുകയും നാട്ടിൽ കലാപം

സൃഷ്ടിക്കുകയും ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ശിക്ഷിക്കാൻ ഇസ്‌ലാമിക ഗവൺമെന്റിന് അധികാരമുണ്ട്. പ്രസ്തുത സൂക്തത്തിലെ يُقَتَّلُوا എന്ന പദം تقتيل എന്ന മൂലത്തിൽനിന്നുള്ളതാണ്. കൊടൂരമായ വിധത്തിലുള്ള കൊലയാണ് تقتيل. എറിഞ്ഞുകൊല്ലൽ അക്കൂട്ടത്തിൽ പെടുന്നു. നബി(സ)യുടെ കാലത്ത് എറിഞ്ഞുകൊല്ലൽ ശിക്ഷ നടന്നിട്ടുണ്ടെങ്കിൽ അത് ഈയടിസ്ഥാനത്തിലാണെന്ന് കരുതേണ്ടിയിരിക്കുന്നു. ഇമാം ബുഖാരി *അൽജാമിഉസ്സ്വഹീഹിൽ* വിവാഹിതരായ വ്യഭിചാരികളെക്കുറിച്ച് പറയുന്നത് *അൽമാഇദ* 33ാം സൂക്തത്തിനു താഴെയാണെന്നതും ശ്രദ്ധേയമാകുന്നു. പോരാട്ടക്കാർ എന്ന അധ്യായത്തിൽ (كتاب المحاربين) തന്നെ ഇത്തരമൊരു നിവേദനം ഉദ്ധരിച്ചതിൽനിന്നും പൂർവിക പണ്ഡിതന്മാരിൽ ചിലർ കല്ലേറു ശിക്ഷയുടെ പ്രമാണം *അൽമാഇദ*യിലെ ഈ സൂക്തമാണെന്ന് കരുതിയിരുന്നുവെന്ന് മനസ്സിലാക്കാം. അതുകൊണ്ട് കല്ലേറു ശിക്ഷ ഖുർആൻ പരാമർശിച്ചിട്ടില്ലാത്തതാണെന്നു പറയുന്നത് പൂർണമായി ശരിയല്ല.

നബി(സ) കല്ലേറ് വിധിച്ച ചില സംഭവങ്ങളിൽ അതിലെ പ്രതികൾ കേവലം വ്യഭിചാരികൾ എന്നതിലുപരി സമൂഹത്തിൽ ലൈംഗികാരാജകത്വം സൃഷ്ടിക്കുന്നവരായിരുന്നു എന്നു കരുതാവുന്ന ന്യായങ്ങൾ കാണാം. മാഇസുബ്നു മാലിക് എന്ന പുരുഷന്റെയും ഗാമിദിയ്യഃ സ്ത്രീയുടെയും ശിക്ഷയാണ് ഇക്കൂട്ടത്തിൽ ഏറെ പ്രസിദ്ധമായിട്ടുള്ളത്. ചില നിവേദനങ്ങളിൽ മാഇസ് വളരെ നല്ലവനായിരുന്നു. ചില നിവേദനങ്ങൾ പറയുന്നത് സ്ത്രീലമ്പടനും ദുഷ്ടനും ഗുണ്ടയുമായിരുന്നുവെന്നാണ്. മാഇസിനെ കല്ലേറു നടത്തിയ ദിവസം സന്ധ്യക്ക് നബി (സ) പ്രസംഗിച്ചതായി മുസ്‌ലിം ഉദ്ധരിക്കുന്നു: "നാം അല്ലാഹുവിന്റെ സരണിയിൽ സമരത്തിനു പോയപ്പോഴൊക്കെ ഒരു മനുഷ്യൻ ഒളിച്ചു പിന്മാറി നമ്മുടെ കുടുംബങ്ങളിൽ വിലസുകയായിരുന്നില്ലേ? പെണ്ണാടിന്റെ പിമ്പേ മുട്ടനാടെന്നോണം അയാൾ പെണ്ണുങ്ങൾക്കു പിറകെ മുക്രയിട്ടു നടക്കും. ഇങ്ങനെ ചെയ്യുന്നവർ എന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടാൽ ഞാനവരെ കൊടൂരമായി ശിക്ഷിക്കും, തീർച്ച.'' റസൂൽ (സ) അയാൾക്കുവേണ്ടി പാപമോചന പ്രാർഥന (استغفار) നടത്തിയില്ല. അയാളെ ആക്ഷേപിച്ചതുമില്ല (മുസ്‌ലിം- *കിതാബുൽ ഹുദൂദ്*). അബൂദാവൂദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ 'ഞങ്ങൾ അയാൾക്കു വേണ്ടി നമസ്കരിച്ചതുമില്ല' എന്ന് കൂടിയുണ്ട്. മാഇസിന്റെ തെമ്മാടിത്തത്തെക്കുറിച്ച് നബി (സ) നേരത്തേ അറിഞ്ഞിരുന്നുവെന്നും ആവശ്യമായ തെളിവ് ലഭിക്കാത്തതിനാൽ നടപടിയെടുക്കാതിരിക്കുകയായിരുന്നുവെന്നും തെളിവ് ലഭിച്ചപ്പോൾ കൊടൂരമായി ശിക്ഷിച്ചുവെന്നുമാണ് ഈ നിവേദനത്തിൽനിന്ന് വ്യക്തമാകുന്നത്. മാഇസ് നബി (സ) യുടെ മുമ്പിൽ വന്ന് കുറ്റം സമ്മതിച്ചത് മാനസാന്തരം കൊണ്ടായിരിക്കണമെന്നില്ല. ഇന്നല്ലെങ്കിൽ നാളെ താൻ നിയമത്തിന്റെ പിടിയിലകപ്പെടുമെന്ന് അയാൾ ഭയപ്പെട്ടിരുന്നു. അതിനിടയിൽ നബി(സ)യുടെ മുന്നിൽ ചെന്ന് കുറ്റം ഏറ്റുപറഞ്ഞാൽ പ്രവാചകൻ ശിക്ഷിക്കുകയില്ല എന്ന് ധരിപ്പിച്ചുകൊണ്ട് അയാളുടെ ഗോത്രത്തിലെ ചിലർ അയാളെ നബി(സ)യുടെ മുന്നിലെത്തിക്കുകയായിരുന്നുവെന്നും ചില നിവേദനങ്ങൾ വ്യക്തമാക്കുന്നുണ്ട്.

പ്രവാചകന്റെ കാലത്തു നടന്ന രണ്ടാമത്തെ പ്രസിദ്ധമായ സംഭവം ഗാമിദിയ്യ സ്ത്രീയുടേതാണ്. ഈ സംഭവം സംബന്ധിച്ച നിവേദനങ്ങളിലും നിരവധി വൈരുധ്യങ്ങളും അവ്യക്തതകളുമുണ്ട്. ജുഹൈനഃ ഗോത്രത്തിന്റെ ഉപഗോത്രമാണ് ഗാമിദിയ്യ. ഈ സ്ത്രീയുടെ വ്യക്തിനാമം എന്തായിരുന്നുവെന്ന് വ്യക്തമല്ല. അവർ വിവാഹിതയായിരുന്നുവോ എന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. ഈ സ്ത്രീ നബി(സ)യുടെ അടുത്തു വന്നപ്പോൾ ഗർഭിണിയായിരുന്നു. പ്രസവം കഴിഞ്ഞ ശേഷം വരാൻ പറഞ്ഞു നബി(സ) അവരെ തിരിച്ചയച്ചു. പ്രസവം കഴിഞ്ഞു വന്നപ്പോൾ കുട്ടിയുടെ മുലകുടി മാറിയ ശേഷം വരാൻ പറഞ്ഞ് വീണ്ടും മടക്കി. കുട്ടി മുലകുടി മാറ്റി റൊട്ടി തിന്നുതുടങ്ങിയപ്പോഴാണ് പിന്നീട് വന്നത്. അപ്പോൾ നബി(സ) അവളെ കല്ലേറിനു വിധേയമാക്കി. ഇങ്ങനെയാണ് ചില നിവേദനങ്ങൾ പറയുന്നത്. മറ്റു ചില നിവേദനങ്ങൾ പറയുന്നു: ഗർഭിണിയായ ഗാമിദിയ്യഃ സ്ത്രീ കുറ്റം സമ്മതിച്ചപ്പോൾ നബി(സ) അവരെ പ്രസവം വരെ സംരക്ഷിക്കാൻ ഒരു അൻസ്വാരി കുടുംബത്തെ ഏൽപ്പിച്ചു. പ്രസവശേഷം ആഗതയായപ്പോൾ ശിശുവിനെ മുലയൂട്ടാൻ ആളില്ലാതെ അവളെ ശിക്ഷിക്കാൻ പറ്റില്ലെന്ന് നബി (സ) അറിയിച്ചു. ആ ശിശുവിനെ മുലയൂട്ടാനുള്ള ഉത്തരവാദിത്തം താൻ ഏറ്റെടുത്തുകൊള്ളാമെന്ന് ഒരു അൻസ്വാരി പറഞ്ഞപ്പോൾ ഉടനെ നബി (സ) ആ സ്ത്രീയിൽ ശിക്ഷ നടപ്പാക്കാൻ കൽപ്പിച്ചു.

ഗാമിദിയ്യഃ സ്ത്രീക്ക് ഭർത്താവോ അവളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സന്നദ്ധരായ മറ്റു രക്ഷിതാക്കളോ ഉണ്ടായിരുന്നില്ല എന്നാണ് നിവേദനങ്ങളിൽനിന്ന് മനസ്സിലാകുന്നത്. അവർ ഒരൊറ്റപ്പെട്ട സ്വതന്ത്ര സ്ത്രീയായിരിക്കണം. ഗർഭകാലം കഴിച്ചുകൂട്ടിയത് ഒരൻസ്വാരി കുടുംബത്തിന്റെ തണലിലാണ്. സ്വന്തം കുടുംബമോ ഗോത്രമോ അവരുടെ കേസിൽ ഇടപെട്ടതായി കാണുന്നില്ല. ഈ സ്ത്രീയെ മാഇസിന്റെ ഒരു സ്ത്രീ പതിപ്പായി നബി (സ) കണ്ടിരിക്കാം. അതുകൊണ്ട് അയാൾക്ക് നൽകിയ ശിക്ഷ അവൾക്കും നൽകുകയായിരുന്നു.

വ്യഭിചാരികൾക്കുള്ള അടിസ്ഥാന ശിക്ഷ-അവർ വിവാഹിതരായാലും അവിവാഹിതരായാലും-*അന്നൂർ* 2ാം സൂക്തം അനുശാസിക്കുന്ന നൂറ് ചമ്മട്ടി പ്രഹരമാകുന്നു. ഏതെങ്കിലും കുറ്റവാളിയെ അതുകൊണ്ടുമാത്രം നിയന്ത്രിക്കാനാവില്ല എന്ന് സർക്കാറിനു ബോധ്യപ്പെട്ടാൽ അടിക്കു പുറമെ അവരെ (നേരത്തേ ഉദ്ധരിച്ച) ഉബാദത്തുബ്നു സ്വാമിതിന്റെ നിവേദനത്തിൽ പറഞ്ഞപ്രകാരം നാടുകടത്തുകയുമാവാം. അതും പോരാ, അവരെ സമൂഹത്തിൽനിന്ന് ഉന്മൂലനം ചെയ്താലേ പ്രശ്നത്തിനു പരിഹാരമാകൂ എന്നു ബോധ്യമാകുമ്പോൾ, അത്തരം സാമൂഹികവിരുദ്ധരെ *അൽമാഇദ* 33ാം സൂക്തത്തിൽ പറഞ്ഞ കൊടൂരമായ വധത്തിന് അഥവാ എറിഞ്ഞുകൊല്ലലിനും വിധേയരാക്കാവുന്നതാണ്. ഇങ്ങനെ മനസ്സിലാക്കുമ്പോൾ *അന്നൂർ* 2ാം സൂക്തം കല്ലേറ് (റജ്മ്) കൽപ്പിക്കുന്ന ഹദീസുകളാൽ ദുർബലപ്പെട്ടുവെന്നോ പരിമിതപ്പെട്ടുവെന്നോ വ്യാഖ്യാനിക്കേണ്ടിവരുന്നില്ല. റജ്മ് കൽപ്പിക്കുന്ന ഹദീസുകളെ തള്ളിക്കളയേണ്ടിവരുന്നുമില്ല. വ്യഭിചാര ശിക്ഷ സംബന്ധിച്ച ഖുർആൻ സൂക്തത്തെയും അതിൽനിന്ന് ഏറെ വ്യത്യസ്തമായി വന്ന ഹദീസുകളെയും സമരസപ്പെടുത്തി സംയോജിപ്പിക്കുന്നതിനുള്ള ശ്രമകരമായ യത്നമാണ് മൗലാനാ ഇസ്‌ലാഹി അവതരിപ്പിച്ചിരിക്കുന്നത്. ഇതനുസരിച്ച് സാധാരണ വ്യഭിചാരി-വിവാഹിതനാണെങ്കിലും അല്ലെങ്കിലും-കല്ലേറു ശിക്ഷ അർഹിക്കുന്നില്ല. നൂറ് ചമ്മട്ടി പ്രഹരം മാത്രമാകുന്നു അവർക്കുള്ള ശിക്ഷ. സമൂഹത്തിൽ സദാചാരച്യുതിയും ലൈംഗികാരാജകത്വവും വളർത്തുന്ന തരത്തിലുള്ള വ്യഭിചാരികൾ അവിവാഹിതരാണെങ്കിലും എറിഞ്ഞുകൊല്ലൽ ശിക്ഷയർഹിക്കുന്നുമുണ്ട്. ■